പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6036 02-04-2018-ൽ മറുപടിക്ക്

## ജി.എസ്.ടി മുഖേനയുണ്ടായ പ്രതിസന്ധിക്ക് പരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ<br>,, പി.ടി.തോമസ്<br>,, അനിൽ അക്കര | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇ-വേ ബിൽ നടപ്പാക്കുമ്പോൾ നികുതി വെട്ടിപ്പിനുള്ള സാധ്യത കുറയുമെന്ന് കരുതുന്നുണ്ടോ; ആയതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഇ-വേ ബിൽ സമ്പ്രദായം നിർബന്ധമാകുന്നതോടെ നികുതിവെട്ടിപ്പുകൾ പരമാവധി ഇല്ലാതാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇ-വേ ബിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ചരക്കു വാഹനങ്ങളിലെ ഇ-വേ ബില്ലുകൾ പരിശോധിക്കുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനങ്ങൾ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനുണ്ട്. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പു വരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനായി ചെക്കുപോസ്റ്റുകളിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതിവെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന |

| | | | |
|---|---|---|---|
| | | | അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭ ഘട്ടത്തിലാണ്. ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണ ക്യാമറകളിൽ നിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി നെറ്റ് വർക്ക് പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ഇല്ലെങ്കിൽ തത്സമയം തന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. കേന്ദ്രസർക്കാർ ആർ.എഫ്.ഐ.ഡി സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയം പ്രവർത്തനക്ഷമമായി മാറുകയും ചെയ്യും. സംസ്ഥാനത്തിനകത്തേക്ക് വരുന്ന എല്ലാ ചരക്കുകളുടെയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാകും. ജി.എസ്.ടി നിയമപ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി പോർട്ടൽ മുഖേന ക്രോസ് ചെക്ക് |

| | | | |
|---|---|---|---|
| | | | ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കു വാൻ സാധിക്കു മെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത 25 ശതമാനം നികുതി വർദ്ധനവ് കൈവരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (ബി) | നിലവിലെ സാഹചര്യത്തിൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത 25 ശതമാനം നികുതി വർദ്ധനവ് കൈവരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നില്ല. 01.07.2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയെങ്കിലും ജി.എസ്.ടി എൻ സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകാത്തതിനാൽ നിയമ ത്തിൽ അനുശാസിച്ചതു പോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു. |
| (സി) | 2018-19-ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ നഷ്ടപരിഹാര തുക എത്രയാണെന്നാണ് നിശ്ചയിച്ചിട്ടുള്ളത്; | (സി) | 2015-16 ലെ കളക്ഷനിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ 2017-18 ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. മേൽ പറഞ്ഞ മാനദണ്ഡമനുസരിച്ച് 2018-19 ൽ ദ്വൈമാസ അർഹതപ്പെട്ട തുക 4154 കോടി രൂപയാണ്. ഇതിൽനിന്നും എസ്.ജി.എസ്.ടി കളക്ഷനും എസ്.ജി.എസ്.ടി കളക്ഷനു വേണ്ടി ഉപയോഗിച്ച ഐ.ജി.എസ്.ടി ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടി ക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരംആയി ലഭിക്കുന്നത്. |

—4

| | | | |
|---|---|---|---|
| (ഡി) | ചെറുകിട വ്യാപാരികൾക്ക് ജി.എസ്.ടി. എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ അവരെ സഹായിക്കുന്നതിന് സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്താണ്; | (ഡി) | ജി.എസ്.ടി നടപ്പിലാക്കുന്നതിനു മുമ്പ് ഒന്നരക്കോടി രൂപ വരെ വിറ്റു വരവുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളെ എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കി യിരുന്നു. എന്നാൽ ജി.എസ്.ടി. യിൽ 20 ലക്ഷത്തിനു മുകളിൽ വിറ്റു വരവുള്ള എല്ലാവർക്കും ചരക്കു സേവന നികുതി ബാധകമാണ്. ഇത് വൻകിടക്കാരുമായി ഉള്ള മത്സരത്തിൽ ചെറുകിട വ്യവസായികളെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ചെറുകിട വ്യവസായികൾക്കും വ്യാപാരി കൾക്കും കുറഞ്ഞ നിരക്കിൽ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നതിനുള്ള പരിധി രണ്ടു കോടിയായി ഉയർത്തണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ഒരു പരിധി വരെ ചെറുകിട വ്യവസായ വ്യാപാര മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായമാകു മെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഇ) | കയറ്റുമതി മേഖലയിൽ ജി.എസ്.ടി. മുഖേനയുണ്ടായ പ്രതിസന്ധിക്ക് പരിഹാരമായിട്ടുണ്ടോ ; ഇൻപുട്ട് ക്രെഡിറ്റ് റീഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | പൂർണ്ണമായ ജി.എസ്.ടി റിട്ടേൺ ഫയലിംഗ് പ്രവർത്തന ക്ഷമമാകാത്തതിനെ തുടർന്ന് കയറ്റുമതിക്കാർക്ക് അധികരിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള റീഫണ്ട് ലഭ്യമാകുന്നതിന് കാലതാമസമുണ്ടായി. റീഫണ്ടിനുള്ള കാലതാമസം കയറ്റുമതിക്കാരുടെ ബിസിനസ്സിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് കൂടുതൽ പരിശോധനയില്ലാതെ അവരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് നൽകുന്നതിന് കേന്ദ്രം |

5

| | | | |
|---|---|---|---|
| | | | സി.ബി.ഇ.സി 17/2017 നമ്പർ സർക്കുലറും കേരളം 01/2018, 02/2018 നമ്പർ സർക്കുലറുകളും പുറപ്പെടുവിക്കുകയുമുണ്ടായി. കൂടാതെ കയറ്റുമതിക്ക് ഐ.ജി.എസ്.ടി അടയ്ക്കാതെ ലെറ്റർ ഓഫ് അണ്ടർടേക്കിംഗ് ന്റെ അടിസ്ഥാനത്തിൽ കയറ്റുമതി ചെയ്യാനുള്ള ചട്ടഭേദഗതി കൊണ്ടുവന്നു. നിലവിൽ ട്രഷറിയുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങളെ തുടർന്ന് റീഫണ്ട് സമയബന്ധിതമായി നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ